**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3245** — **13-07-2022 - ൽ മറുപടിയ്ക്ക്**

**ആർ.ഒ.ആർ. സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം, ചാലക്കുടി താലൂക്കുകളിലെ ഏതെങ്കിലും വില്ലേജുകളിൽ ആർ.ഒ.ആർ. സർട്ടിഫിക്കറ്റ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മുകുന്ദപുരം താലൂക്കിലെ കല്ലൂർ വില്ലേജിൽ ഉൾപ്പെടുന്ന വട്ടക്കോട്ട് മലദേശത്ത് ഭൂ ഉടമകൾക്ക് പോക്കുവരവിനായുള്ള ആർ.ഒ.ആർ. സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ അവർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും പോക്കുവരവ് നടത്തിക്കിട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | മുകുന്ദപുരം താലൂക്കിൽ കല്ലൂർ വില്ലേജിൽ വട്ടക്കോട്ട് മലപ്രദേശങ്ങളിൽ റബ്ബർ കൃഷിക്കായി ഭൂമി പതിവ് ചട്ടം - Special Rules for Govt Lands for Rubber Cultivation പ്രകാരം പട്ടയം നൽകിയിട്ടുള്ളതാണ്. "The Assignee shall not use the land or suffer it to be used except for the purpose for which is assigned" എന്ന വ്യവസ്ഥയോടു കൂടിയാണ് മേൽ പട്ടയങ്ങൾ അനുവദിച്ചിട്ടുള്ളത്. Special Rule for Rubber cultivation 1960 പ്രകാരം പതിച്ചു നൽകിയ ഭൂമി പ്രസ്തുത ചട്ടം സബ് റൂൾ 17 പ്രകാരമുള്ള ലൈസൻസ് പരമ്പരാഗതമായി അനുഭവിക്കാവുന്നതും അന്യാധീനപ്പെടുത്തുവാൻ പാടില്ലാത്തതുമാണ്. ഉപനിയമം 20(1) പ്രകാരം ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയോ ലൈസൻസിലെ വ്യവസ്ഥകൾ പാലിക്കാതിരിക്കുകയോ ചെയ്താൽ ലൈസൻസ് റദ്ദ് ചെയ്യാവുന്നതാണ്. ആയതിനാലാണ് ആർ.ഒ.ആർ അനുവദിക്കാത്തത്. |

സെക്ഷൻ ഓഫീസർ